**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2806** | **13-03-2020 ൽ മറുപടിക്ക്**

**പട്ടയഭൂമിയിൽ കർഷകർ നട്ടുവളർത്തിയ മരങ്ങളുടെ അവകാശം**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ആന്റണി ജോൺ | | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) | കോതമംഗലം താലൂക്കിൽ പട്ടയഭൂമിയിൽ കർഷകർ നട്ടുവളർത്തിയ മരങ്ങളുടെ അവകാശം പട്ടാദാർക്കു നല്കുന്നതുമായി ബന്ധപ്പെട്ട് റവന്യൂ-വനം വകുപ്പ് മന്ത്രിമാരുടെ സാന്നിധ്യത്തിൽ 18-07-2019 ലും 03-09-2019 ലും 05-02-2020 ലും ചേർന്ന യോഗ തീരുമാനങ്ങളിൽ സ്വീകരിച്ച തുടർ നടപടി വിശദമാക്കാമോ; | (എ) 17.08.2017 ലെ ജി.ഒ (പി) നം.60/2017/ആർ.ഡി ഭേദഗതി പ്രകാരമുള്ള പട്ടയ ഫാറത്തിലെ വ്യവസ്ഥകളിലെ വ്യവസ്ഥ 2 പ്രകാരം പതിച്ചു കിട്ടുന്ന ഭൂമിയിലെ മരങ്ങളിൽ പട്ടാദാർക്കുള്ള അവകാശം 1964 ലെ കേരള ഭൂമി പതിവ് ചട്ടം 10 (3) പ്രകാരവും 1986 ലെ കേരള പ്രിസർവേഷൻ ഓഫ് ട്രീസ് ആക്റ്റിലെ സെക്ഷൻ 22 പ്രകാരവും ആണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഉത്തരവിന് മുൻകാല പ്രാബല്യം ഇല്ലാത്തതിനാൽ ആണ് ഇതു സംബന്ധിച്ച് അവ്യക്തത ഉണ്ടായിട്ടുള്ളത്. ആയത് പരിഹരിക്കുന്നതിനാവശ്യമായ ഒരു സർക്കുലർ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | 05-02-2020 ൽ റവന്യൂ - വനം വകുപ്പ് മന്ത്രിമാരുടെ സാന്നിധ്യത്തിൽ ചേർന്ന യോഗത്തിൽ പട്ടയ വ്യവസ്ഥകളിൽ ഭേദഗതി വരുത്തിക്കൊണ്ട് പുറപ്പെടുവിച്ച SRO No.621/17 നോട്ടിഫിക്കേഷൻ അനുസരിച്ച് കർഷകർ നട്ടുവളർത്തിയതും പട്ടയഭൂമിയിൽ നിലനിന്നിരുന്നതുമായ ചന്ദനം ഒഴികെയുള്ള എല്ലാ മരങ്ങളുടേയും ഉടമസ്ഥാവകാശം പട്ടാദാർക്കാണെന്നും പ്രസ്തുത നോട്ടിഫിക്കേഷൻ 2017 മുതൽ നിലവിലുള്ളതിനാൽ പട്ടയ ഫോറത്തിലുള്ള വ്യവസ്ഥകൾ കണക്കാക്കേണ്ടതായി കാണുന്നില്ല എന്ന് തീരുമാനിക്കുകയും ഇക്കാര്യം ചൂണ്ടിക്കാട്ടി എല്ലാ ജില്ലാ കളക്ടർമാർക്കും സർക്കുലർ വഴി നിർദ്ദേശം നല്കുവാൻ യോഗത്തിൽ ധാരണയായതും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത വിഷയത്തിൽ U3/187/Rev എന്ന ഫയലിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (സി) യും (ഡി) യും | 05.02.2020 ലെ യോഗതീരുമാന പ്രകാരം പട്ടയഭൂമിയിലെ മരംമുറി സംബന്ധിച്ച് സ്പഷ്ടീകരണം നൽകുന്നതിനായി ഒരു സർക്കുലർ പുറപ്പെടുവിക്കുന്ന കാര്യം U3/187/Rev എന്ന ഫയലിൽ പരിശോധിക്കുന്നുണ്ട്. |
| (ഡി) | 05/02/2020 ലെ യോഗ തീരുമാന പ്രകാരം പട്ടയഭൂമിയിലെ മരം മുറിയ്ക്കൽ സംബന്ധിച്ച് ജില്ലാ കളക്ടർമാർക്ക് സർക്കുലർ വഴി വേഗത്തിൽ നിർദ്ദേശം നല്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**